## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1394** — **06.03.2020 ൽ** മറുപടിക്ക്

## മഹാകവി ജി സ്മാരകം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | 18.07.2017 ലെ റവന്യൂവകുപ്പിന്റെ 233/2017/റവ. നമ്പർ ഉത്തരവ് പ്രകാരം കണയന്നൂർ താലൂക്കിൽ സർവ്വേ നമ്പർ 2681ൽ പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി സ്മാരകത്തിനായി അനുവദിച്ചിട്ടും പ്രസ്തുത ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിൽ കൊച്ചി നഗരസഭ കാലതാമസം വരുത്തുന്നതിന് കാരണം വിശദമാക്കാമോ; | എ&ബി) മഹാകവി ജി. സ്മാരകത്തിനായി അനുവദിച്ച കിട്ടിയ സ്ഥലം കാട്ടുപിടിച്ചു കിടന്നതിനാൽ ടി സ്ഥലം ലൊക്കേറ്റ് ചെയ്യാൻ കാലതാമസം നേരിട്ടു 20.02.2020-ൽ ടി സ്ഥലം അതിർത്തി തിരിച്ച് ലഭിച്ചിട്ടുള്ളതാണ്. 2020-2021 വർഷത്തെ പദ്ധതിയിൽ ജി സ്മാരക നിർമ്മാണത്തിനുള്ള തുക കൊച്ചി നഗരസഭ വകയിരുത്തുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>ടി സ്ഥലത്തേക്കുള്ള വഴിയുടെ സ്കെച്ച് കിട്ടുന്നതിലേക്ക് കണയന്നൂർ തഹസിൽദാർക്ക് അപേക്ഷ നൽകിയിരിക്കുകയാണ്. |
| (ബി) | സ്മാരകത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ